# കൊക്കകോളയും ദൈവനിന്ദയും

എസ്.കെ. ഉമ്മർ

കൊക്കകോളയും ദൈവനിന്ദയുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെന്നാണ് പാക്കിസ്ഥാനിലെ ചില മുസ്ലീംപണ്ഡിതൻമാരുടെ കണ്ടെത്തൽ.

കൊക്കകോളയുടെ ലോഗോയിൽ cocacola എന്ന അക്ഷരങ്ങൾ കലാപരമായി വിന്യസിച്ചിരിക്കുന്നത് ചെറിയൊരു മാറ്റം വരുത്തിയാൽ 'ലാ ഇലാഹ'യെന്ന് വായിക്കാമത്രേ. 'ലാ ഇലാഹ ഇല്ലല്ലാ മുഹമ്മദ് ഉർ റസൂലുല്ലാ' എന്നു തുടങ്ങുന്ന വിഖ്യാതമായ മുസ്ലീം പ്രാർത്ഥനാസൂക്തത്തിന്റെ ആദ്യത്തെ രണ്ടു വാക്കുകളാണിത്. ലാ ഇലാഹ ഇല്ലല്ലാ എന്നുവെച്ചാൽ അല്ലാഹുവല്ലാതെ ആരും ആരാധ്യനല്ല എന്നർത്ഥം. പക്ഷെ, അതിലെ 'അല്ലാഹു'വിനെ മാറ്റിയാൽ ആരും ആരാധ്യനല്ല, അതായത് ദൈവമില്ല എന്നായി അർത്ഥം.



ഇംഗ്ലീഷ് അക്ഷരങ്ങൾ അറബിഭാഷയിലെ അക്ഷരങ്ങൾ എഴുതുന്നതുപോലെയുള്ള കൊക്കകോലയുടെ ലോഗോയും അതിലെ ഈ ദൈവനിന്ദാപരമായ വാക്കുകളുടെ സൂചനയും തികച്ചും യാദൃശ്ചികമല്ലെന്നും അമേരിക്കൻ കമ്പനി കരുതിക്കൂട്ടി നടത്തിയ ദൈവദൂഷണമാണെന്നും വാദിക്കാൻ ആളുണ്ടായി. അങ്ങിനെ ഉറച്ച മുസ്ലീംവിശ്വാസികൾക്കിടയിൽ കൊക്കകോള ഇപ്പോൾ ഹറാമാണ്.

ഇന്ത്യയിലും പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ ഈ വിവാദത്തിന് അലയൊലികളുണ്ടായിക്കഴിഞ്ഞു. കോളയും പെപ്സിയും കുടിക്കുന്ന നഗരവാസികളുടെ ജാതി തിരിച്ചുള്ള കണക്കെടുത്തപ്പോൾ ബോദ്ധ്യപ്പെട്ടത് ഇതാണ് - മുസ്ലീങ്ങൾക്ക് കൊക്കകോളയോട് പ്രിയമില്ല, പെപ്സി മതി. ഹിന്ദുക്കൾ നേരെ തിരിച്ചും!




ഈ സമുദായസ്പിരിറ്റ് തങ്ങളുടെ പണപ്പെട്ടിക്ക് ഗുണമാവുമോ ദോഷമാവുമോ എന്ന അങ്കലാപ്പിലാണ് ഇപ്പോൾ ബഹുരാഷ്ട്രഭീമൻമാർ.

## യോഗ പരിശീലനത്തിന്

സോൾ യോഗാ സെന്റർ, നമ്പൂതിരി വിദ്യാലയത്തിനു സമീപം, കോട്ടപ്പുറം, തൃശൂർ-4.

## പ്രകൃതി സാഹോദര്യം പെരിഞ്ഞനത്ത്

നവംബർ 19- രാവിലെ 9.30 മുതൽ പെരിഞ്ഞനത്ത് പ്രകൃതി-തൃശൂർ ജില്ലാ സംഗമം, പുതിയകാവ് ജൈവകർഷക സമിതി (ഫോൺ. ഡോ. രാമചന്ദ്രൻ 816640, സുഹറാബാലി 817028)

## പരിസ്ഥിതി ക്യാമ്പ് പീച്ചിയിൽ

നവം. 9, 10, 11, 12 തിയ്യതികളിൽ പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിനടുത്തുള്ള ഓഡിറ്റോറിയത്തിൽ - താത്പര്യമുള്ളവർ 0492-43 1253/ടോണി തോമസ് കിഴക്കേക്കര, ഇരുനാകപ്പാലയുമായി ബന്ധപ്പെടുക.